**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3595** **26-10-2021 - ൽ മറുപടിയ്ക്ക്**

**പിന്നോക്കാവസ്ഥയിലുള്ള ദമ്പതികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മിശ്രവിവാഹിതരും സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുമുള്ള ദമ്പതികൾക്ക് ധനസഹായം ലഭിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് വഴി സ്വീകരിച്ചിരുന്ന അപേക്ഷകൾ ബ്ലോക്കുതല ഓഫീസുകൾവഴി സ്വീകരിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; | (എ) | (എ) ഇല്ല. |
| (ബി) | ബ്ലോക്കുതല ഓഫീസുകൾ വഴി സ്വീകരിച്ചിരുന്ന വിവിധ അപേക്ഷകൾ ജില്ലാതല ഓഫീസുകൾ വഴി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | (ബി) ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ, ഇതുമൂലം അപേക്ഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി നേരത്തെയുണ്ടായിരുന്ന സൗകര്യങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | (സി) സാമൂഹ്യനീതി- ശിശു വികസന വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യനീതി വകുപ്പിൽ ബ്ലോക്ക് തലത്തിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള അപേക്ഷകൾ ജില്ലാതല ഓഫീസുകൾ വഴിയാണ് സ്വീകരിച്ചു വരുന്നത്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ ,ട്രാൻസ്ജെന്റർ വിഭാഗക്കാർ ഉൾപ്പെടെയുള്ള വകുപ്പിന്റെ മുഴുവൻ ഗുണഭോക്താക്കൾക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിലേക്ക് ബ്ലോക്ക് തലത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ